# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 851

01.03.2017-ൽ മറുപടിയ്ക്ക്

## വന സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.എം.രാജഗോപാലൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ: | (എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു<br>1. 2009 മുതൽ പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന വൃക്ഷവൽക്കരണ പരിപാടിയാണ് ഹരിതകേരളം. ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയപാർട്ടികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണിത്. ഈ പദ്ധതിയുടെ കുടക്കീഴിൽ ഒന്നു മുതൽ 9 വരെയുള്ള ക്ലാസ്സിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എന്റെ മരം പദ്ധതി, ഹയർസെക്കന്ററി തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നമ്മുടെ മരം പദ്ധതി, ചുമട്ടു തൊഴിലാളികളുടെ പങ്കാളിത്തത്തോടും, സഹകരണത്തോടും കൂടി വഴിയോരത്തണൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>2. സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന |

ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് തൈ ഒന്നിന് 30 മുതൽ 50 രൂപാ വരെ ധന സഹായം നൽകുന്നു.

3. വേമ്പനാട് കായൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും കണ്ണൂർ മേഖലയിലെ തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കേന്ദ്ര സഹായത്തോടുകൂടി 2006-07 മുതൽ തണ്ണീർത്തട സംരക്ഷണപദ്ധതി നടപ്പിലാക്കി വരുന്നു.

4. വനത്തിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണം പരിപോഷിപ്പിക്കുന്നതിലേക്കായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് സാമ്പത്തിക സ ഹായം നൽകി വരുന്നുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ ജില്ലകളിലെ കാവുകൾക്ക് ധനസഹായം നൽകുന്നതുകൂടാതെ, കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും 5 കാവുകൾക്കെങ്കിലും ധനസഹായം നൽകുന്ന പ ദ്ധതിയും നിലവിലുണ്ട്.

5. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധവ്യക്തികളെയും/ സംഘടനകളെയും ക ണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേ ണ്ടി **സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം** നടപ്പിലാക്കി വരുന്നു. ലഭ്യമായ സ്വകാര്യഭൂമികളിലും, പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടു

കൊണ്ടു **കുട്ടിവനം** എന്ന പദ്ധതിയും, വരും തലമുറയ്ക്ക് ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി **ഹെർബൽ ഗാർഡൻ** എന്ന പദ്ധതിയും, അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള **നക്ഷത്രവനം പദ്ധതി**യും നടപ്പിലാക്കിവരുന്നു.

ബി) നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള വനങ്ങൾ 1980 ലെ വന സംരക്ഷണ നിയമം, 1972 ലെ വന്യജീവി സംരക്ഷണ നിയമം മറ്റ് അനുബന്ധ നിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിച്ചുവരുന്നു. ഇതിനുപുറമെ വന്യജീവി സംരക്ഷണത്തിനായി വയലുകളുടെ മെയിന്റനൻസ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, വനാന്തര മേഖലകളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ, ജനപങ്കാളിത്തത്തോട് കൂടിയുള്ള EDC മുഖാന്തിരമുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ അവ പരിഹരിക്കുന്നതിന് തദ്ദേശിയരും, ജനപ്രതിനിധികളും വനംവകുപ്പു ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ പഞ്ചായത്ത് / മുൻസിപ്പാലിറ്റി തലത്തിൽ രൂപീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

വനപരിപാലനത്തിനായി വർക്കിംഗ് / മാനേജ്മെന്റ് പ്ലാൻ നിഷ്ക്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കി വരുന്നു. ആവാസ വ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് വൃക്ഷതൈകൾ വച്ചുപിടിപ്പിക്കൽ, മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ (ചെക്ക്ഡാം നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ്) കള നിർമ്മാർജ്ജനം, കാട്ടുതീയിൽ

നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ജന പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ ദേശീയ ബാംബൂ മിഷൻ, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇന്ത്യ മിഷൻ തുടങ്ങിയ പദ്ധതികളും വനം വകുപ്പ് നടപ്പിലാക്കി വരുന്നു.. സംസ്ഥാനത്തെ വനം കൈയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും വനം കൈയ്യേറ്റമുണ്ടായാൽ ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു വന ഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കൈയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനപരിപാലനം നടത്തുന്നു.

സി) വനങ്ങൾക്കും വന്യമൃഗങ്ങൾക്കും ഭീഷണി (സി) യാകുന്ന കാട്ടുതീ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാട്ടുതീ പ്രതിരോധത്തിന് വേനൽക്കാലത്തിന്റെ തുടക്കത്തിൽ, തീ പടരാൻ സാധ്യതയുള്ള വനത്തിനുള്ളിലും അതിർത്തിയിലും കുറ്റിക്കാടുകളും പുല്ലുകളും ചെത്തി ഫയർലൈൻ തയ്യാറാക്കി വരുന്നു. ഇക്കാര്യത്തിൽ വർഷം തോറും കാട്ടുതീ വിപത്തിനെ സംബന്ധിച്ച ബോധവൽക്കരണറാലി, പരസ്യചിത്രങ്ങൾ, കാട്ടുതീയുടെ പ്രത്യാഘാതങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും ഫയർ ഗ്യാംഗ്, ഫയർ വാച്ചർമാർ തുടങ്ങിയവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ, പങ്കാളിത്ത വനപരിപാലനത്തിലൂടെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ വഴിയും കാട്ടുതീ ഫലപ്രദമായി തടയുന്നുണ്ട്. അതികഠിനമായ വേനൽക്കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടുകൂടി നിശ്ചിതകാലയളവിൽ അടച്ചിടാറുണ്ട്

വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിലെ പൊതു സമൂഹത്തിനും വനാന്തർഭാഗത്തെ ആദിവാസി സമൂഹത്തിനും കാട്ടുതീ പ്രതിരോധം സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം നൽകുവാൻ റേഞ്ചുകൾ മുഖേന ശ്രദ്ധിക്കുന്നതാണ്.

ഈ വർഷം കാലവർഷം തീരെ കുറവായതിനാൽ കാട്ടുതീ പടരാനുള്ള സാഹചര്യം, വളരെ ഗൗരവമായി കണക്കിലെടുത്ത് വനമേഖലയുമായി ബന്ധപ്പെട്ട എല്ലാ ആളുകളെയും ജാഗരൂകരായിരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ ടെറിട്ടോറിയൽ / വൈൽഡ്‌ലൈഫ് ഡിവിഷനുകൾക്ക് കീഴിലും ഒരു റെയിഞ്ച് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 2-3 പേരടങ്ങിയ ഫയർ കൺട്രോൾറൂം പ്രവർത്തനസജ്ജമാണ്. ഏതെങ്കിലും ഒരു മേഖലയിൽ കാട്ടുതീ ഉ ണ്ടായാൽ ഡിവിഷനിൽ നിലവിലുള്ള വനം വകുപ്പ് ജീവനക്കാരെക്കൊ ണ്ട് തീ നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അതിനെ ഫലപ്രദമായി നേരിടാൻ മറ്റു വകുപ്പുകൾ കൂടെ ഉൾപ്പെട്ട ക്രൈസിസ് മാനേജ്മെന്റ് ടീം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ്‌ലൈഫ് വാർഡൻമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

Sajeevan

**സെക്ഷൻ ഓഫീസർ**